LIBRARY ARCHIVES Kerala Legislative Assembly

ചുണ്ടൽ-കുറ്റിപ്പുറം റോഡ് നിർമ്മാണം

137 (2237) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. നിർമ്മിച്ചുകൊണ്ടിരിക്കുന്ന ചുണ്ടൽ-കുറ്റിപ്പുറം റോഡിന്റെ നിർമ്മാണം വളരെ മന്ദഗതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 8 വർഷത്തിലധികമായി നിർമ്മാണത്തിലിരിക്കുന്നതും വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രവൃത്തി നീണ്ടുപോയിട്ടുള്ളതും ആയ ഈ പ്രവൃത്തി അടിയന്തരമായി ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 2011 ഫെബ്രുവരി മാസത്തോടെ ഈ റോഡിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ്

138 (2238) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ദേശീയപാത വികസനം പൂർത്തിയാക്കുമ്പോൾ എത്ര തുക ചെലവാകുമെന്നും ഈ തുക എങ്ങനെയാണ് സമാഹരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള പുനരധിവാസ പാക്കേജ് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

എൻ.എച്ച്.എ.ഐ. യുടെ കണക്കനുസരിച്ച് 10612.344 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്ത ത്തോടെ ബി.ഒ.ടി. വ്യവസ്ഥയിലാണ് നടപ്പിലാക്കുന്നത്.

ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാതയുടെ നിർമ്മാണം

139 (2239) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാതയുടെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നാലുവരിപ്പാതയ്ക്കാവശ്യമായതും നാഷണൽ ഹൈവേ അതോറിറ്റി അംഗീകരിച്ച അലൈൻമെന്റ് പ്രകാരവും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുണ്ടായ തദ്ദേശവാസികളുടെ തർക്കങ്ങളും എതിർപ്പുകളുമാണ് നാലുവരിപ്പാതയുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ.

(ബി) സ്ഥലമെടുപ്പ് പ്രക്രിയ പൂർത്തിയായാലുടൻ ആരംഭിക്കുന്നതാണ്.

തൃശ്ശൂർ-ചുണ്ടൽ നാലുവരിപ്പാത നിർമ്മാണം

140 (2240) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-ചുണ്ടൽ റോഡ് നാലുവരിപ്പാതയാക്കി നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് ;

(ബി) എത്ര കോടി രൂപയാണ് ഈ റോഡ് നിർമ്മിക്കാൻ ചെലവ് പ്രതീക്ഷിക്കുന്നത് ;

(സി) വളരെയധികം ഗതാഗതത്തിരക്ക് അനുഭവപ്പെടുന്ന ഈ റോഡിന്റെ വർദ്ധിച്ച ഗതാഗത പ്രാധാന്യം കണക്കിലെടുത്ത് എത്രയും വേഗത്തിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡിന്റെ 'ടോട്ടൽ സ്റ്റേഷൻ സർവ്വേ' എടുത്തുകഴിഞ്ഞു. മൂന്ന് പാലങ്ങൾ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly